LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 3, ചൊവ്വ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 1985 സെപ്റ്റംബർ 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽകൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

തിരുവനന്തപുരം മാനസികരോഗാശുപത്രിയെപ്പറ്റിയുള്ള ആക്ഷേപം

*1 (1) ശ്രീ. കെ. ടി. കണാരൻ:
ശ്രീമതി കെ. ആർ. ഗൗരി:
ശ്രീ. വർക്കല രാധാകൃഷ്ണൻ:
ശ്രീമതി പി. വേലായുധി:
,, ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മാനസികരോഗാശുപത്രിയുടെ ശോചനീയ സ്ഥിതിയും അവിടെ നടക്കുന്ന മനുഷ്യത്വരഹിതവും ദാരുണവുമായ സംഭവങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവങ്ങൾക്ക് ഉത്തരവാദികളായവരുടെ പേരിൽ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) ആശുപത്രിയുടെ ശോചനീയ സ്ഥിതിക്കും അവിടെ നടമാടുന്ന ദുർനടപടികൾക്കും പരിഹാരം കാണണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ വല്ലതും കിട്ടിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) തിരുവനന്തപുരത്തെ മാനസികരോഗാശുപത്രിയിൽ എസ്. എ. പി. ക്യാമ്പിലെ പോലീസുകാർ അതിക്രമിച്ചു കടന്ന് വനിതാ വാർഡിലെ രോഗികളെ ബലാൽസംഗം ചെയ്ത സംഭവത്തെപ്പറ്റി ആരോഗ്യവകുപ്പിലെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ അന്വേഷണഫലം എന്തായിരുന്നുവെന്നും, തുടർന്ന് എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) മാനസികരോഗാശുപത്രിയുടെ സ്ഥിതിയെപ്പറ്റി തൊഴിൽ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. വി. കൃഷ്ണമൂർത്തി ഗവൺമെൻറിന്റെ നിർദ്ദേശപ്രകാരം വിശദമായ അന്വേഷണം നടത്തുകയും ഒരു റിപ്പോർട്ട് ഗവൺമെൻറിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആ റിപ്പോർട്ടിലെ ശുപാർശയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം മാനസികരോഗാശുപത്രിയിലെ പല വാർഡുകളും പുതുക്കിപ്പണിതിട്ടുണ്ട്. കുളിമുറികളും കക്കൂസുകളും കൂടുതലായി നിർമ്മിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം ഈ ആവശ്യത്തിലേക്കായി തിരുവനന്തപുരം മാനസികരോഗാശുപത്രിക്ക് പത്തുലക്ഷം രൂപ അനുവദിക്കുകയുണ്ടായി. ഇക്കൊല്ലം ഇരുപത് ലക്ഷം രൂപ അനുവദിക്കുന്നതാണ്. രോഗികളുടെ ആഹാരക്രമം ഗണ്യമായി മെച്ചപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) എസ്. എ. പി. ക്യാമ്പിലെ പോലീസുകാർ രോഗികളെ ബലാൽസംഗം ചെയ്തിട്ടുള്ളതായി തെളിവുകളൊന്നും തന്നെ കണ്ടില്ല. 29-3-1985-ൽ രോഗികളെ ആശുപത്രിയിൽനിന്നും എസ്. എ. പി. ക്യാമ്പിൽ ചെല്ലുകയുണ്ടായി. അവരെ പോലീസ് ജീപ്പിൽതന്നെ ആശുപത്രിയിൽ തിരിച്ചുകൊണ്ടുവന്നു. ഇവരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കിയതിൽ അവരെ ലൈംഗികമായി ആക്രമിച്ചിട്ടില്ലെന്ന് കണ്ടു.

എന്നാൽ മേലാൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനു ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. 29-3-1985-ൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു നഴ്സിംഗ് അസിസ്റ്റൻറിനെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. മറ്റൊരാളെ സ്ഥലം മാറ്റുകയും ചെയ്തു. ആശുപത്രിമതിലിനോട് ചേർന്ന് നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ വെട്ടിക്കളയാനും മതിൽ ഉയർത്തി കമ്പിവേലി കെട്ടാനുമുള്ള ജോലികളും ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ഇപ്പോൾ ജോലി ചെയ്യുന്നവരിൽ ദുർനടപടിക്കാരായ എല്ലാ ജീവനക്കാരേയും സ്ഥലം മാറ്റുന്നതിനുള്ള നിർദ്ദേശങ്ങളും ആശുപത്രി സൂപ്രണ്ടിനും ആരോഗ്യവകുപ്പ് ഡയറക്ടർക്കും നൽകിയിട്ടുണ്ട്. ആവശ്യമുള്ള നഴ്സുമാർക്ക് സൈക്കിയാട്രി ട്രെയിനിങ്ങും നൽകി അവരെ മാനസികരോഗാശുപത്രികളിൽ നിയമിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഈ ആശുപത്രിയിലുള്ള രോഗികളെ രാത്രിയും പകലും പൂട്ടിയിട്ടിരിക്കുന്നതായിട്ടാണ് അറിയുന്നത്. അങ്ങനെ പൂട്ടിയിട്ടിരിക്കുന്ന രോഗികളെ രാത്രി എസ്. എ. പി. ക്യാമ്പിൽ കൊണ്ടു പോകുന്നത് എങ്ങനെയാണ്?

ശ്രീ. കെ. കരുണാകരൻ: എല്ലാ രോഗികളെയും പൂട്ടിയിടാറില്ല. ചില രോഗികളെ മാത്രമേ പൂട്ടിയിടാറുള്ളൂ. നേരത്തെ മറിച്ച് അവർ ഇരിക്കുന്ന സ്ഥലമുണ്ട്. അവിടെ നിന്ന് അവർ പുറത്തുപോയിയെന്ന് മാത്രമേ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളൂ. ഏതായാലും കടന്നുപോകാനിടയായ സാഹചര്യത്തെക്കുറിച്ചാണ് അന്വേഷണം നടത്തിയിട്ടുള്ളത്. പോലീസുകാരുടെ പെരുമാറ്റത്തെ സംബന്ധിച്ചുള്ള കാര്യത്തിലും തുടർന്ന് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിനുമുമ്പ് ഒരു പുരുഷരോഗി മതിൽ ചാടി പോയതിന് അവിടത്തെ ഡോക്ടറെ സസ്പെൻറ് ചെയ്തു. അത് ഈ മന്ത്രിസഭയുടെ കാലത്തുതന്നെയാണ്. ഇപ്പോഴത്തെ ആ ആശുപത്രിയുടെ ചാർജ്ജ് വഹിക്കുന്ന ഡോക്ടറുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അന്വേഷണത്തിൽ ഡോക്ടർ പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്ന് കണ്ടിട്ടില്ല. അതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ ഇപ്പോഴത്തെ സെക്രട്ടറിയോട് ആവശ്യപ്പെട്ടു. അദ്ദേഹം അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സെക്രട്ടറി കൃഷ്ണമൂർത്തി അന്വേഷണം നടത്തി അതിന്മേൽ ചില നടപടികളും നടത്തിയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ വളരെ വ്യക്തമായി ബലാൽസംഗത്തെ സംബന്ധിച്ച് ഒരു പരാതി വന്നാൽ അത് സംബന്ധിച്ച് കൈം രജിസ്റ്റർ ചെയ്തത് പോലീസിന്റെ ഇൻവെസ്റ്റിഗേഷൻ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിച്ച് നടപടി സ്വീകരിക്കുന്നതിന് ഗവൺമെൻറ് വൈമുഖ്യം പ്രകടിപ്പിക്കുന്നത് എന്തിനാണ്? ഈ കാര്യത്തിൽ അടിയന്തിരമായി കൈംബ്രാഞ്ചിനെക്കൊണ്ടോ അതുപോലുള്ള ഇൻവെസ്റ്റിഗേറ്റിങ്ങ് ഏജൻസിയെക്കൊണ്ടോ അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഈ കാര്യത്തെ സംബന്ധിച്ച് ഡി.ഐ.ജി. അന്വേഷിച്ച അവസരത്തിലാണ് മെഡിക്കൽ പരിശോധനയ്ക്ക് അയച്ചത്. മെഡിക്കൽ പരിശോധനയിലാണ് ബലാൽസംഗം നടന്നിട്ടില്ലെന്ന് ബോദ്ധ്യമായത്. എന്തായാലും ഇത് സംബന്ധിച്ച് ഐ. ജി. അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: മാനസികരോഗാശുപത്രിയിലെ മുഖ്യമായ പ്രശ്നം മനുഷ്യത്വപരമായ സമീപനമാണ്. കൃഷ്ണമൂർത്തി ആ കാര്യം അന്വേഷിച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്. മനുഷ്യത്വപരമായ ഒരു സമീപനം രോഗികളോട് ഉണ്ടാകുന്നതിനുവേണ്ടി ഇന്നത്തെ സംവിധാനത്തിൽ, പ്രത്യേകിച്ച് ഉദ്യോഗസ്ഥൻമാരുടെ എണ്ണം കുറവാണെന്നുള്ള കാര്യം, അവിടത്തെ ജീവനക്കാരുടെയിടയിലുള്ള അസംതൃപ്തി ഇതെല്ലാം പരിഗണിച്ച് അവരുടെ മനോഭാവത്തിൽ മാറ്റം വരുത്താനാവശ്യമായ സ്റ്റാഫും മറ്റ് ആവശ്യമായ പ്രവർത്തന സൗകര്യങ്ങളും നൽകുന്ന കാര്യത്തിൽ ഗവൺമെൻറ് സത്വരനടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: അവരുടെ ക്ഷേണ സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും വർദ്ധിപ്പിച്ചതോടൊപ്പം തന്നെ അവരെ ശുശ്രൂഷിച്ചു കൊണ്ടിരിക്കുന്ന നഴ്സുമാർക്ക് പ്രത്യേക ട്രെയിനിംഗ് കൊടുക്കാൻ ഏർപ്പാട് ചെയ്തിരിക്കുകയാണ്. അവരുടെ സ്വഭാവത്തിനനുസരിച്ച് രോഗികളോട് എങ്ങനെ പെരുമാറണമെന്നും എങ്ങനെ കൈകാര്യം ചെയ്യണമെന്നുമുള്ള കാര്യങ്ങളിൽ അവർക്ക് പരിശീലനം കൊടുക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: ബലാൽസംഗം ചെയ്യപ്പെട്ട സ്ത്രീകളെ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോഴാ ബലാൽസംഗം ചെയ്യപ്പെട്ടിട്ടില്ലെന്ന് തെളിഞ്ഞുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. അവരെ എത്ര ദിവസം കഴിഞ്ഞിട്ടാണ് പരിശോധനയ്ക്ക് വിധേയരാക്കിയത്? മാസങ്ങൾ കഴിഞ്ഞിട്ടാണ് ഈ സ്ത്രീകളെ പരിശോധനയ്ക്ക് വിധേയരാക്കിയത്. അതുകൊണ്ടാണ് ബലാൽസംഗം ചെയ്യപ്പെട്ടിട്ടില്ലെന്ന് തെളിഞ്ഞത് എന്നല്ലേ ഈ പറഞ്ഞതിനർത്ഥം?

ശ്രീ. കെ. കരുണാകരൻ: പരാതി കിട്ടിയപ്പോഴാണ് അന്വേഷിക്കാനിടയായത്. സംഭവം കുറച്ചു ദിവസംമുമ്പാണ് നടന്നത് എന്നുള്ളതു ശരിയാണ്. മാർച്ച് മാസത്തിലാണ് സംഭവം നടന്നത്. എങ്കിൽപോലും ഡോക്ടർമാരും വിദഗ്ദ്ധൻമാരും പരിശോധിച്ച് അങ്ങനെ ഉണ്ടായിട്ടില്ലെന്ന് പറഞ്ഞാൽ അത് സ്വീകരിക്കുകയല്ലാതെ നിവൃത്തിയില്ല.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: ഈ ആശുപത്രിയിൽ നിന്ന് സ്ത്രീകൾ റ്റി.സി. എ. പി. ക്യാമ്പിലേയ്ക്ക് ചാടിപ്പോയിയെന്നാണ് റിപ്പോർട്ട് എന്ന് പറഞ്ഞു. ആഗസ്റ്റ് 16-ാം തീയതി ഭ്രാന്താശുപത്രിയിലെ എല്ലാ വാർഡുകളും സെല്ലുകളും ഞാൻ നടന്നുകണ്ടു. എസ്. എ. പി. ക്യാമ്പിനടുത്തുള്ള റോഡ് ഉയർന്നതലത്തിലാണ്. ഭ്രാന്താശുപത്രി താണസ്ഥലമാണ്. ഇവിടെ നിന്ന് സ്ത്രീകൾ എങ്ങനെയാണ് ചാടി പുറത്തു പോയത്? ഈ റിപ്പോർട്ടിനെ ആധാരമാക്കിയാണ് മുഖ്യമന്ത്രി മറുപടി പറയുന്നത്. ഇതിനടുത്താണല്ലോ ഭ്രാന്താശുപത്രി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ആശുപത്രി ഒന്നുപോയി നോക്കാത്തതെന്താണ്? അവിടെ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തുവെന്ന് പറഞ്ഞു. അവിടെ ഒരു സൗകര്യവുമില്ല. അടുക്കള, കാലിത്തൊഴുത്താണ്. അവരോട് മനുഷ്യത്വപരമായ രീതിയിലുള്ള സമീപനം സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ഞാൻ അവിടെ പോയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. ഏതായാലും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ചുവെന്നുള്ളത് ശരിയാണ്. പോരാതെ എന്തെങ്കിലുമുണ്ടെങ്കിൽ അതേപ്പറ്റി പരിശോധിച്ച് നടപടി സ്വീകരിക്കാൻ തയ്യാറാണ്.

ശ്രീ. കെ. പി. രാമൻ: തിരുവനന്തപുരം മാനസികാശുപത്രി ഉൾപ്പെടെ നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള ആശുപത്രികളിലെ പ്രശ്നങ്ങളെ സംബന്ധിച്ച് എസ്റ്റിമേറ്റ്സ് കമ്മിറ്റി ഗവൺമെന്റിന് സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നിർദ്ദേശങ്ങൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: സെക്രട്ടറിയുടെ റിപ്പോർട്ടും എസ്റ്റേറ്റ് മേനേജ്മെന്റ് കമ്മറ്റിയുടെ റിപ്പോർട്ടും അവരുടെ ജീവിതസ്ഥിതിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ളത് ശരിയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ചില നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞത്. എങ്കിൽപ്പോലും, ഒരു സത്യം അവശേഷിക്കുന്നു. ഭ്രാന്താസ്പത്രിയിലെ രോഗികളോട് പെരുമാറേണ്ട രീതിയിലല്ല പെരുമാറുന്നത്, അവർക്ക് കൊടുക്കേണ്ട സൗകര്യങ്ങളും കൊടുക്കുന്നില്ല. എന്തായാലും അതിനെക്കുറിച്ച് പ്രത്യേകമായി ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഞാൻ ഉറപ്പ് പറയുന്നു.

ശ്രീ. സി. വാസുദേവമേനോൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് എസ്റ്റേറ്റ്മേനേജ്മെന്റ് കമ്മിറ്റിയുടെ റിപ്പോർട്ടും കൃഷ്ണമൂർത്തിയുടെ റിപ്പോർട്ടും ഒരുപോലെയാണെന്നാണ്. എസ്റ്റേറ്റ്മേനേജ്മെന്റ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ അവിടത്തെ ശോചനീയാവസ്ഥയ്ക്കു പരിഹാരം കാണുന്നതിനുവേണ്ടി എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ടു വച്ചിട്ടുള്ളതെന്നും അത് നടപ്പിലാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടിയെടുത്തുവെന്നും വ്യക്തമാക്കുമോ?

ശ്രീ. കെ. കരുണാകരൻ: അത് വലിയൊരു റിപ്പോർട്ടാണ്. ആ റിപ്പോർട്ട് മുഴുവൻ വായിക്കാൻ പ്രയാസമാണ്. അത് മെമ്പർമാർക്ക് സർക്കുലേറ്റ് ചെയ്തിട്ടുണ്ടാകും. ഇല്ലെങ്കിൽ കോപ്പി മേശപ്പുറത്ത് വയ്ക്കാം. അതിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിലാണ് ഇന്നയിന്ന കാര്യങ്ങൾ ചെയ്തുവെന്ന് ഞാൻ പറഞ്ഞത്.

ശ്രീ. പി. സി. ജോർജ്: കഴിഞ്ഞ 22-ാം തീയതി പെറ്റീഷൻസ് കമ്മിറ്റി ഈ ആശുപത്രി സന്ദർശിക്കുകയുണ്ടായി. അവിടെ കാണാൻ കഴിഞ്ഞ ഒരു കാര്യം രോഗമില്ലാത്ത ആളുകളെ രോഗികളെന്ന നിലയിൽ അനധികൃതമായി സെല്ലിൽ പിടിച്ചിട്ടിരിക്കുന്നതാണ്. ഇതിന് പരിഹാരം കാണുന്നതിനുവേണ്ടി, രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന് എന്തെങ്കിലും നിബന്ധന ഉണ്ടാക്കി, രോഗം പോയിക്കഴിഞ്ഞാൽ, രോഗിയല്ലെന്ന് ബോദ്ധ്യമായിക്കഴിഞ്ഞാൽ, ആ ആളിനെ ചില പ്രഷറിന്റെ അടിസ്ഥാനത്തിൽ അകത്ത് പിടിച്ചിടുന്ന നടപടി നിറുത്തൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച്, ഈ ആശുപത്രി നവീകരിക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ കെ. കരുണാകരൻ: അങ്ങനെ ചില പരാതികളും ഉണ്ടായിട്ടുണ്ട്. ഇതിനെല്ലാം പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ആധികാരികമായി പറയാൻ സാധിക്കുന്നത് ഡോക്ടർമാർക്കാണ്. മരിച്ചില്ലെന്ന് രോഗി പറഞ്ഞാലും മരിച്ചുവെന്ന് ഡോക്ടർ പറഞ്ഞുകഴിഞ്ഞാൽ കുഴിച്ചിടണമെന്നൊരു വ്യവസ്ഥ പട്ടാളത്തിൽ ഉണ്ടെന്നു ഒരു ചൊല്ലുണ്ട്. അതുപോലെ ഡോക്ടർ പറഞ്ഞുകഴിഞ്ഞാൽ, അതിനെ ചോദ്യം ചെയ്യാൻ നിർവ്വാഹമില്ല. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലുള്ള പരാതികളുമുണ്ട്. അതിനെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ട്. ചില ആളുകളെക്കുറിച്ച് കിട്ടിയ കംപ്ലെയിന്റുകളുടെ അടിസ്ഥാനത്തിൽ, തൽക്കാലം ട്രാൻസ്ഫർ ചെയ്യാനും മറ്റുമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം, അന്വേഷണം പൂർത്തിയായിക്കഴിഞ്ഞാൽ നടപടി സ്വീകരിക്കാനാണ് നിർദ്ദേശം കൊടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ: മാനസികാശുപത്രിയിൽ രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിന്, തനിക്ക് ഭ്രാന്താണെന്നും തന്നെ കിടത്തി ചികിൽസിക്കണമെന്നും, അച്ചടിച്ച ഫോറത്തിൽ രോഗി തന്നെ എഴുതി ഒപ്പിട്ട് കൊടുക്കണമെന്ന വ്യവസ്ഥ ഇപ്പോഴും നിലവിലുണ്ടോ? ഉണ്ടെങ്കിൽ അങ്ങനെ അഡ്മിറ്റ്ചെയ്ത രോഗികളെ കമ്മിറ്റി കൂടി രോഗം മാറിയെന്ന് തീരുമാനിച്ച് പുറത്തയയ്ക്കുന്നതിനു മുമ്പ് ഏതെങ്കിലും ആളുകളുടെ ഇഷ്ടപ്രകാരം നഗരത്തിൽ കൊണ്ടുനടക്കാൻ സൗകര്യമുണ്ടോ? അങ്ങനെ ചെറുപ്പക്കാരികളായ രോഗികളെ കൊണ്ടുനടന്ന് അനാശാസ്യപ്രവർത്തനത്തിന് പ്രേരിപ്പിച്ചു എന്നതിന്റെ പേരിൽ മാനസിക രോഗാശുപത്രിയിലെ ആരുടേയെങ്കിലും പേരിൽ നടപടിയെടുത്തിട്ടുണ്ടോ, കേസിന്റെ നില എന്താണ്?

ശ്രീ. കെ. കരുണാകരൻ: അങ്ങനെ പല പരാതികളും ഉണ്ടായിട്ടുണ്ട്. ഇന്ന കേസാണെന്ന് പറഞ്ഞാൽ തീർച്ചയായും അന്വേഷിച്ച് വിവരം തരാം.

ശ്രീ. കെ. ഇ. ഇസ്മയിൽ: അങ്ങനെ നിയമം നിലവിലുണ്ടോ? കമ്മിറ്റി ശുപാർശ ചെയ്ത് പുറത്തയയ്ക്കുന്നതിനുമുമ്പ് കൊണ്ടു പോകാൻ അധികാരമുണ്ടോ? ഉണ്ടെങ്കിൽ ഉണ്ടെന്ന് പറയണം, ഇല്ലെങ്കിൽ ഇല്ലെന്നു പറയണം.

ശ്രീ. കെ. കരുണാകരൻ: സൂപ്രണ്ടിന്റെ അനുവാദം കൂടാതെ കൊണ്ടു പോകാൻ പാടില്ല.

ശ്രീ. എം. വി. രാഘവൻ: എസ്റ്റിമേറ്റ്സ് കമ്മിറ്റി, ശോച്യാവസ്ഥയെ സംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ആയിരുന്നല്ലോ ഇതിന്റെ ചെയർമാൻ. അതുപോലെ തന്നെ പെറ്റീഷൻസ് കമ്മിറ്റിയും ഇതു സംബന്ധിച്ച് ആക്ഷേപം പറഞ്ഞു. നിയമസഭയിലെ ഉത്തരവാദപ്പെട്ട രണ്ട കമ്മിറ്റികളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത് കുഴപ്പമൊന്നുമില്ലെന്നാണ്. കാരണം, ഡോക്ടറാണ് തീരുമാനിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മരിച്ചില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞാലും, എം. വി. രാഘവൻ പറഞ്ഞാലും മരിച്ചുവെന്ന് ഡോക്ടർ പറഞ്ഞാൽ മരിച്ചുവെന്ന് തീരുമാനിക്കണമെന്ന് പറഞ്ഞാൽ അത് ഈ അധുനിക യുഗത്തിൽ പൊറുക്കാൻ സാധിക്കുകയില്ല. പരാതി കിട്ടിയെന്നു പറഞ്ഞു. ആ പരാതിയിൽ എന്തെല്ലാമാണ് ഉൾക്കൊള്ളുന്നത്? അതിനെക്കുറിച്ചാണോ കൃഷ്ണമൂർത്തി അന്വേഷിച്ചത്? അതോ അതിന് മുമ്പാണോ? ആ അന്വേഷണ റിപ്പോർട്ടിലെ പ്രസക്തഭാഗം എന്താണ്? ബലാൽസംഗം ചെയ്ത് മാസങ്ങൾ കഴിഞ്ഞതിനുശേഷം പരിശോധിച്ചാൽ എങ്ങനെയാണ് മനസ്സിലാക്കാൻ കഴിയുന്നത്? എനിക്ക് അതിന്റെ താത്വിക വശം അറിയുകയില്ല. ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിക്കണമെന്നുള്ളതാണ് പ്രശ്നം. എല്ലാ കക്ഷികളേയും ഉൾപ്പെടുത്തി, ഒരു നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷണം നടത്താൻ തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: എല്ലാം തൃപ്തികരമാണെന്ന് ഞാൻ പറഞ്ഞുവെന്ന നിഗമനത്തിൽ ബഹുമാനപ്പെട്ട മെമ്പർ എത്തിയത് വളരെ നിർഭാഗ്യകരമാണ്. ബുദ്ധിമുട്ടുകളുണ്ട്, അവിടത്തെ നില തൃപ്തികരമല്ല. ഇതു സംബന്ധിച്ച് ആദ്യം കൃഷ്ണമൂർത്തി സമർപ്പിച്ച റിപ്പോർട്ടിലും എസ്റ്റിമേറ്റ്സ് കമ്മിറ്റി റിപ്പോർട്ടിലുമുള്ള നിർദ്ദേശങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ചില നടപടികളും സ്വീകരിച്ചു. അടുത്തകാലത്ത് ഉണ്ടായിട്ടുള്ള പരാതിയെക്കുറിച്ച് പ്രിലിമിനറി റിപ്പോർട്ട് കിട്ടിയത് തൃപ്തികരമല്ലായെന്ന് കണ്ടതുകൊണ്ടാണ് രണ്ടാമത് സെക്രട്ടറി കൃഷ്ണമൂർത്തിയെ ഇതിനെക്കുറിച്ച് പ്രത്യേകമായി അന്വേഷിക്കാൻ നിയോഗിച്ചിട്ടുള്ളത്.

ശ്രീ. ലോനപ്പൻ നമ്പാടൻ: തൃശ്ശൂർ മാനസികാശുപത്രിയിൽ ഉണ്ടായ കൊലപാതകത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയോ, എങ്കിൽ ആ ആശുപത്രിയിലെ രോഗികളുടെ ജീവൻ രക്ഷിക്കാൻ വേണ്ടി എന്തെങ്കിലും നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അതിനെക്കുറിച്ച് അന്വേഷണം നടത്തി വരികയാണ്.

ശ്രീ. ജി. കാർത്തികേയൻ: മാനസിക രോഗാശുപത്രിയിൽ വാർഡുകളിൽ കിടത്താൻ സൗകര്യമുള്ളതിനേക്കാളും വളരെയധികം രോഗികളെയാണ് കിടത്തിയിട്ടുള്ളത്. ആ തിരക്ക് തന്നെയാണ് അവിടെയുള്ള ബുദ്ധിമുട്ടുകൾക്ക് ഒരു പ്രധാന കാരണം. അതോടൊപ്പം തന്നെ രോഗികളെ ചികിൽസിക്കുന്നതിന് നേഴ്സുമാരുടെ അനുപാതം ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. ആ അനുപാതം പാലിച്ചുകാണുന്നില്ല. കൃഷ്ണമൂർത്തി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അടിയന്തിര നടപടികൾക്കായി 20 ലക്ഷം രൂപ അനുവദിച്ചുവെന്നു പറഞ്ഞു. പുതിയ വാർഡുകളും ഉണ്ടാക്കുന്നതിനും ആ രോഗികളെ ആവശ്യമെങ്കിൽ മാത്രം വാർഡുകളിൽ കിടത്തി ചികിൽസിക്കുന്നതിനുമുള്ള സൗകര്യമുണ്ടാക്കുകയും രോഗികൾക്ക് ആനുപാതികമായി നേഴ്സുമാരെ നിയമിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യുമോ?

ശ്രീ. കെ. കരുണാകരൻ: പുതിയ തസ്തികകളുടെ കൂട്ടത്തിൽ നേഴ്സുമാരുടെ തസ്തികയും അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഡോക്ടർ വിധിച്ചാൽ മരവു ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇൻഡ്യൻ ലൂണസി ആക്ട് പ്രകാരം സാമൂഹ്യ പ്രവർത്തകൻമാർ ഉൾക്കൊള്ളുന്ന കമ്മിറ്റി രോഗം പരിഹരിച്ചോയെന്ന് ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള കമ്മിറ്റി, മറ്റ് രോഗികളിൽനിന്ന് വ്യത്യസ്തമായി ഭ്രാന്താശുപത്രിയിലെ രോഗികളെ കാണണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇൻഡ്യൻ ലൂണസി ആക്ട് പ്രകാരമുള്ള കമ്മിറ്റിയുടെ പ്രവർത്തനം ഇവിടെ പ്രവർത്തികമാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ, ശ്രീ. അച്യുതമേനോൻ ഗവൺമെൻറിന്റെ കാലത്ത് എം. എൽ. എ. മാരും ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരും എക്സ്പെർട്ടുകളും ഉൾക്കൊള്ളുന്ന കമ്മിറ്റി കേരളത്തിലെ ഭ്രാന്താശുപത്രികളും പരിശോധിക്കാനും അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. ആ റിപ്പോർട്ട് ഇന്നുവരെ ഗവൺമെന്റ് പരിശോധിച്ചിട്ടില്ല. ആ റിപ്പോർട്ടിൽ ഭ്രാന്താശുപത്രികളിലെ അനാശാസ്യപ്രവർത്തനങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അത് പരിശോധിച്ച് ഇനി മേലിലെങ്കിലും ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അനാശാസ്യ പ്രവൃത്തികളെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഗവൺമെൻറിന് കിട്ടിയിട്ടുണ്ടെന്നു മാത്രമല്ല, ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

നേരത്തെ പറഞ്ഞു, പൊതുവേ പരാതികളുണ്ട്. ആ പരാതികളും കേവലം അടിസ്ഥാന രഹിതമാണെന്നു പറഞ്ഞുകൂടാ. അതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: അച്ചുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് നിയമസഭാംഗങ്ങളും ഡയറക്ടറും ഹെൽത്ത് സെക്രട്ടറിയും ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയെ വച്ചു. ആ കമ്മിറ്റി അനാശാസ്യപ്രവർത്തനങ്ങളും ചൂണ്ടിക്കാണിച്ച് ആറോ ഏഴോ കൊല്ലങ്ങൾക്ക് മുമ്പ് റിപ്പോർട്ട് തന്നു. ആ റിപ്പോർട്ട് പരിശോധിച്ച്, നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇത് ആവർത്തിക്കുമായിരുന്നില്ല. അതുകൊണ്ട് ആ റിപ്പോർട്ട് പരിശോധിക്കുമോയെന്നാണ് ചോദിച്ചത്.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ തന്നെ പറഞ്ഞു, ആറോ ഏഴോ കൊല്ലങ്ങൾക്കുമുമ്പുള്ള സംഗതിയാണെന്ന്. തീർച്ചയായും ആ റിപ്പോർട്ടിൻമേൽ നടപടി സ്വീകരിക്കാം.

ശ്രീ. ബേബി ജോൺ: പത്രത്തിൽ വന്ന വാർത്തയാണ്. ആരോഗ്യ വകുപ്പിലെ വിജിലൻസ് വിഭാഗം ചില പരാതികളെത്തുടർന്ന് അന്വേഷണം നടത്തി ആ അന്വേഷണ റിപ്പോർട്ട് ഏറെക്കുറെ പത്രത്തിൽവന്നു. ജീവനക്കാരുടെ സഹായത്തോടുകൂടി പുറത്തുനിന്നു ആളുകൾ അകത്തെ വനിതാ വാർഡുകളിൽ പ്രവേശിച്ചുവെന്നും അതുപോലെതന്നെ ജീവനക്കാർ ചില മാനസിക രോഗികളെ പുറത്തു കൊണ്ടുപോയി എന്നുമായിരുന്നു വാർത്ത. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞ കൂട്ടത്തിൽ പ്രിലിമിനറി റിപ്പോർട്ട് തൃപ്തികരമല്ലെന്നും കൃഷ്ണമൂർത്തിയെ അന്വേഷിക്കാൻ നിയോഗിച്ചുവെന്നും പറഞ്ഞു. രോഗികൾ അങ്ങോട്ടു പോയി എന്നായിരുന്നു അങ്ങു പറഞ്ഞത്. ജീവനക്കാരുടെ സഹായത്തോടുകൂടി പുറത്തുനിന്ന് ആളുകൾ അകത്തു കടന്നുവെന്നും, രോഗികളെ പുറത്തു കൊണ്ടുപോയി എന്നുമാണ് പത്രങ്ങളിൽ വന്ന വാർത്ത. അങ്ങ് മറുപടി പറഞ്ഞപ്പോൾ രണ്ട് മാനസിക രോഗികൾ പോലീസ് ക്യാമ്പിലേക്ക് പോയി എന്നാണ് റിപ്പോർട്ട് എന്നു പറഞ്ഞു. പ്രിലിമിനറി റിപ്പോർട്ട് ആരുടേതായിരുന്നു, പത്രത്തിൽ വന്ന വാർത്ത ആരോഗ്യ വകുപ്പിന്റെ വിജിലൻസ് വിഭാഗത്തിന്റേതാണോ? അതാണോ തൃപ്തികരമല്ലാത്തത്?

ശ്രീ. കെ. കരുണാകരൻ: ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് അവർ പെട്ടെന്ന് വയലൻറ് ആയി ചാടി വേറൊരു വീട്ടിൽ ചെന്നപ്പോൾ ആ വീട്ടുകാർ പിടിച്ച് ക്യാമ്പിലേക്ക് അയച്ചു എന്നാണ്. ആ റിപ്പോർട്ടിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഏതായാലും അത് ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ: മാർച്ചിൽ നടന്ന ഈ സംഭവത്തെപ്പറ്റി മുഖ്യമന്ത്രിക്ക് ഞാൻ എഴുതിയിരുന്നു. ഏപ്രിൽ അവസാനമാണ് ഞാൻ എഴുതിയത്. ഇന്നുവരെ അതിന് മറുപടി അയച്ചിട്ടില്ല. മുഖ്യമന്ത്രി ഇതിനെപ്പറ്റി അന്വേഷിച്ചിട്ടേയില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. രാവിലെ ആരോ പറഞ്ഞുകൊടുത്തത് ഇവിടെ വന്ന് പറയുകയാണ്.

ഒരു വളഞ്ഞു നിൽക്കുന്ന മരം അവിടെ ഉണ്ട്, അതിലൂടെ കയറിയാണ് ഈ ആശുപത്രിയുടെ ഉള്ളിൽ കയറിയത്. ആ മരം മുറിച്ചോ?

LIBRARY ARCHIVES Kerala Legislative Assembly

ഈ വളഞ്ഞ മരത്തിൽകൂടി ഉള്ളിൽ കടന്നാണ് സ്ത്രീകളെ കൂട്ടിക്കൊണ്ടു വന്നു ജീപ്പിൽ കയറ്റി കൊണ്ടുപോയതെന്ന് നിങ്ങൾ സമ്മതിച്ചല്ലോ. പക്ഷെ ബലാൽസംഗത്തിന്റെ കാര്യം പറയാൻ പറ്റില്ല. കാരണം നിങ്ങളും ഡോക്ടറല്ല ഞാനും ഡോക്ടറല്ല. ഇവരെ ജീപ്പിൽ കയറ്റിക്കൊണ്ടു പോയവരെ സസ്പെൻഡ് ചെയ്തോ? ഈ കാര്യങ്ങളെപ്പറ്റിയൊക്കെ ഏപ്രിൽ അവസാനം മുഖ്യമന്ത്രിക്ക് ഞാൻ കത്ത് അയച്ചതാണ്, ഇതുവരെ മറുപടി അയച്ചിട്ടില്ല. ഇതിനെക്കുറിച്ച് മുഖ്യമന്ത്രി അന്വേഷിച്ചിട്ടില്ല, ഇത് ഗൗരവമായി എടുത്തിട്ടില്ല. ഭ്രാന്താശുപത്രിയിലായാലും സ്ത്രീകളെ മാനഭംഗം ചെയ്യുന്നതിന് അനുവാദം മൂളുകയാണ്. എന്നിട്ട് കൃഷ്ണമൂർത്തി റിപ്പോർട്ടെന്നും കമ്മറ്റിയെന്നും ഒക്കെ പറയുകയാണ്.

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ ഇങ്ങനെയാണോ ഉത്തരം പറഞ്ഞതെന്ന് എനിക്ക് നിശ്ചയമില്ല. ഞാൻ ഇതേപ്പറ്റി അന്വേഷിച്ചിട്ടാണ് മറുപടി പറഞ്ഞത്. വളഞ്ഞു നിൽക്കുന്ന മരക്കൊമ്പ് മുറിക്കുന്നതുൾപ്പടെയുള്ള കാര്യങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി പറഞ്ഞപ്പോൾ ഞാൻ പറഞ്ഞു. ആ മരത്തിന്റെ കൊമ്പ് മുറിച്ചിട്ടുണ്ട്, മാറ് നടപടികളും സ്വീകരിച്ചിട്ടുണ്ട്. മതിൽ ഉയർത്തിക്കെട്ടുന്നുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്, കമ്പി കെട്ടാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങയുടെ എഴുത്തിനെ ഉൾപ്പെടെ ബഹുമാനിക്കുന്ന ഗവൺമെന്റാണിത്. ഞാൻതന്നെ നേരിട്ട് കത്തുകൾക്കു മറുപടി അയയ്ക്കാറുണ്ട്. അങ്ങേയ്ക്കുതന്നെ ഇതറിയാമല്ലോ. അങ്ങയുടെ എത്രയോ എഴുത്തുകൾക്ക് ഞാൻ തന്നെ ഒന്നൊന്നായി മറുപടി അയച്ചിട്ടുണ്ട്. അങ്ങനെ ചെയ്യാതിരിക്കുകയില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: മാനസികരോഗാശുപത്രിക്ക് അടുത്തുള്ള എസ്. എ. പി. ക്യാമ്പിൽനിന്ന് കോൺസ്റ്റബിൾമാർ ആശുപത്രിയിൽ ചാടിക്കടന്നത് മതിലിന്റെ അടുത്തുനിൽക്കുന്ന മരം ചാഞ്ഞു കിടന്നതുകൊണ്ടാണ്. വാർഡിൽ ഡ്യൂട്ടിക്ക് ഇട്ടിരുന്ന നേഴ്സിംഗ് അസിസ്റ്റൻറുമാർ അസമയത്ത് ഇവർക്ക് വാർഡു തുറന്നുകൊടുത്തുവെന്ന് വ്യക്തമായ ആരോപണം ഉണ്ടായിവുകയും ആരോഗ്യവകുപ്പിലെ വിജിലൻസ് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷിച്ചു അത് ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചില നേഴ്സിംഗ് അസിസ്റ്റൻറുമാരുടെ പേരിൽ നടപടി ശുപാർശ ചെയ്യുകയും ചെയ്തിരുന്നുവെന്നാണു മനസ്സിലാക്കുന്നത്. ആ നടപടി എന്തായി? ഈ വസ്തുത ശരിയാണെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് ആ മരത്തിന്റെ കൊമ്പ് വെട്ടിമുറിക്കാനും മതിലിൽ കമ്പിവേലി കെട്ടാനും നടപടി സ്വീകരിച്ചത്. ഇതിനുത്തരവാദികളായ ആളുകളുടെ പേരിൽ (നേഴ്സിംഗ് സ്റ്റാഫിന്റെ പേരിൽ ആകട്ടെ, പോലീസ് കോൺസ്റ്റബിൾമാരുടെ പേരിലാകട്ടെ) എന്ത് നടപടിയാണ് സ്വീകരിച്ചത്?

ശ്രീ. കെ. കരുണാകരൻ: അന്വേഷണത്തിൽ പോലീസുകാർ വന്നു കൊണ്ടുപോയി എന്നുള്ളതിന് തെളിവില്ലാത്തതുകൊണ്ട് ആ അന്വേഷണം പോര ഐ. ജി. തന്നെ നേരിട്ട് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഐ. ജി. അന്വേഷിച്ച് റിപ്പോർട്ട് തരുന്നതായിരിക്കും. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതു ശരിയല്ല. മറുപടി പറഞ്ഞപ്പോൾ ഞാൻ വ്യക്തമായി പറഞ്ഞതാണ്. അവിടെ നിൽക്കുന്ന വ്യക്തിയുടെ വളഞ്ഞ കൊമ്പിൽ പിടിച്ചു കയറുന്നുവെന്നുള്ളതുകൊണ്ട് ആ കൊമ്പ് മുറിച്ചുകളയാനും കമ്പിവേലി കെട്ടി ഒരു നിലയിലും ആളുകൾ കടക്കാതിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കാനും വേണ്ടതൊക്കെ ചെയ്തിട്ടുണ്ട്. പരാതിയുള്ള നേഴ്സുമാരിൽ ഒരാളെ സസ്പെൻഡ് ചെയ്തു, മറ്റാളുകളുടെ പേരിൽ നടപടിയെടുക്കാൻ ഡയറക്ടർക്ക് ഗവൺമെന്റ് നിർദ്ദേശം കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം ചെയ്തുകഴിഞ്ഞിട്ടുള്ളതാണ്.

സ്വകാര്യ ആയുർവേദ കോളേജ്

*2 (2) ശ്രീ. കെ. പുരുഷോത്തമൻ:
,, സി. ടി. കൃഷ്ണൻ:
,, കെ. മുസ്സക്കുട്ടി:
,, വി. എസ്. ചന്ദ്രശേഖരൻ പിള്ള:
,, ടി. കെ. ആറുമുഖൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ ആയുർവേദ കോളേജ് നടത്താൻ ഈ സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണ്;

(സി) ഷൊർണ്ണൂർ ആയുർവേദ സമാജത്തിന് ബി. എ. എം.എസ്. കോഴ്സ് തുടങ്ങാൻ അനുവാദം നൽകിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): (എ) ഉണ്ട്.

(ബി) മുപ്പതു കൊല്ലത്തിലേറെക്കാലമായി ആയുർവേദ വിദ്യാഭ്യാസം നടത്തിവന്നിരുന്ന ഷൊർണ്ണൂർ കേന്ദ്രീയ ആയുർവേദ സമാജം കോളേജ്, ഡിപ്ലോമാ കോഴ്സ് നിർത്തലാക്കിയതിനെ തുടർന്ന് പ്രവർത്തനരഹിതമായിരുന്നു കയും ഡിഗ്രി കോഴ്സ് ആരംഭിക്കാനുള്ള അനുവാദത്തിന് അപേക്ഷിക്കുകയും ചെയ്തു. കോഴിക്കോട് സർവ്വകലാശാലയിലെ പരിശോധനാകമ്മീഷന്റെ ശുപാർശ അനുസരിച്ച് സിൻഡിക്കേറ്റ് അംഗീകാരം നൽകിയതിനാലാണ് 1985-86 അദ്ധ്യയനവർഷം മുതൽ ബി. എ. എം. എസ്. ഡിഗ്രി കോഴ്സ് ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയത്.

(സി) ഉണ്ട്.

ശ്രീ. സി. ടി. കൃഷ്ണൻ: ഷൊർണ്ണൂർ ആയുർവേദകോളേജ് പൂട്ടിക്കിടക്കുന്ന സമയത്ത് അതിന്റെ ഡയറക്ടർ ബോർഡ് ഈ സ്ഥാപനം ഗവൺമെന്റിലേക്ക് സറണ്ടർ ചെയ്യാൻ തയ്യാറാണെന്നും അത് ഗവൺമെന്റ് ഏറ്റെടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കി അയച്ചതായി വിവരം ഉണ്ടോ; ഈ പ്രമേയം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയൊരു റിപ്രസെന്റേഷൻ കിട്ടിയതായിട്ട് ഇവിടെ കണ്ടില്ല. അന്വേഷിച്ചിട്ട് പറയാം.

ശ്രീ. സി.ടി. കൃഷ്ണൻ: ഇത്തരം കോളേജുകളിൽ അഡ്മിഷന് പതിനായിരക്കണക്കിന് രൂപ വാങ്ങുന്നുണ്ടെന്ന ആക്ഷേപം പരക്കെ പൊന്തി വന്നിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിൻമേൽ ഗവൺമെന്റിനുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കാമോ; അത്തരം ആക്ഷേപങ്ങൾ ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly